ഐ.പി.സി.എ.എം.എൽ.പി സ്കൂൾ

പി.സി.പാലം

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## വിദ്യാലയം അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഐ.പി.സി.എ.എം.എൽ.പി സ്കൂൾ, പി.സി.പാലം |
| വിലാസം | : പി.ഒ. പി.സി.പാലം, നരിക്കുനി 673585 |
| ഫോൺ നമ്പർ | : 04952244666 |
| സ്കൂൾ കോഡ് | : 47513 |
| വിദ്യാഭ്യാസ ജില്ല | : താമരശ്ശേരി |
| ഉപജില്ല | : ബാലുശ്ശേരി |
| റവന്യൂ ജില്ല | : കോഴിക്കോട് |
| ബി.ആർ.സി | : ചേളന്നൂർ |
| സി.ആർ.സി | : കാക്കൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : ചേളന്നൂർ |
| നിയമസഭാ മണ്ഡലം | : എലത്തൂർ |
| ലോക് സഭാ മണ്ഡലം | : കോഴിക്കോട് |
| താലൂക്ക് | : കോഴിക്കോട് |
| വില്ലേജ് | : കാക്കൂർ |
| ഇ-മെയിൽ | : ipcamlpschool@gmail.com |
| വെബ്സൈറ്റ് | : ipcamlpschool.blogspot.in |
| സ്കൂൾ വിക്കി | : schoolwiki.com/ipcamlpschool |

# ഐ.പി.സി.എ.എം.എൽ.പി.സ്കൂൾ ചരിത്രങ്ങളിലൂടെ

ഒമ്പത് പതിറ്റാണ്ട് മുമ്പ് ഒരു പ്രദേശത്തിന്റെ അക്ഷരവീടായി സ്ഥാപിക്കപ്പെട്ട ഐ.പി.സി.എ.എം.എൽ.പി.സ്കൂൾ തലമുറകൾക്ക് വിദ്യ ദാനം നൽകി ചരിത്രത്തിന്റെ ഋതുഭേദങ്ങളിലൂടെ സഞ്ചരിച്ച് കാലം അടയാളപ്പെടുത്തിയിരിക്കുന്നു. 100 വർഷങ്ങൾക്ക് മുമ്പ് കണ്ടോത്ത്പാറയിൽ സ്ഥാപിക്കപ്പെട്ട ഐ.പി.സി.എ.എം.എൽ.പി.സ്കൂളാണ് ഒരു ദീപസ്തംഭമായി പരിലസിച്ചു നിൽക്കുന്നത്.

ചരിത്രപരമായും വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും താഴെ തട്ടിൽ നിന്നിരുന്ന ഒരു ജനതയുടെ ഇടയിലേക്കാണ് കോട്ടയം സ്വദേശി താഴത്തങ്ങാടി പള്ളി വീട്ടിൽ അബ്ദുൽ റസാഖ് മൗലവി എന്ന ആൾ ഇരുവള്ളൂരിൽ എത്തുന്നത് . വയലിൽ മുസ്‌ലിയാർ എന്നറിയപ്പെട്ടിരുന്ന ഇദ്ദേഹം ഇരുവള്ളൂരിൽ സ്ഥാപിച്ച ഓത്തുപുരയാണ് ഇന്ന് നൂറാം വർഷത്തിലും കാലത്തിന്റെ തിരതള്ളലിൽ ഒലിച്ചുപോകാതെ മുന്നേറ്റത്തിന്റെ പുതു സരണിയിൽ എത്തിനിൽക്കുന്നത്. ഓത്തുപള്ളി നിന്നും ഇരുവള്ളൂരിൽ കണ്ടോത്ത്പാറയിലേക്ക് മാറ്റപ്പെട്ടു. ഈ സമയത്ത് ഓത്തുപുരകൾ സ്കൂളുകളാകാൻ സൗകര്യാർത്ഥം തുടങ്ങുകയും പുതുപറമ്പത്ത് ജമ്പിച്ചിക്കോയ എന്ന ആൾ കണ്ടോത്ത്പാറയിൽ ഒരു സ്ഥിരകെട്ടിടം ഉണ്ടാക്കി സ്കൂൾ പ്രവർത്തം തുടങ്ങുകയും ചെയ്തു.

പിന്നീട് 1951 ൽ സ്ഥലമുടമയും മാനേജ്മെന്റും തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് വിദ്യാലയം ഒറ്റ രാത്രികൊണ്ട് ഇപ്പോൾ സ്ഥിതി ചെയ്യുന്ന പള്ളിത്താഴത്തേക്ക് മാറ്റി സ്ഥാപിച്ചു.

1926 ൽ ആരംഭിച്ച സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ തറോൽ ഗോവിന്ദൻ മാസ്റ്റർ ആയിരുന്നു. തുടർന്ന് യഥാക്രമം മുപ്പറ്റ അബ്ദുൽഖാദർ, എം.അബ്ദുറഹിമാൻ ഹാജി, കെ.കുഞ്ഞിശങ്കരൻ നായർ, കുനിയിൽ അഹമ്മദ്, സി.പി.അബ്ദുല്ലത്തീഫ് എന്നിവർ പ്രഥമധ്യാപകരായി.

ആധുനിക സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും അഭാവം കാരണം പിന്നീട് സ്കൂളിൽ എത്തുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുകയും വിദ്യാലയം അടച്ചുപൂട്ടലിന്റെ വക്കിൽ എത്തുകയും ചെയ്തു. ഈ സമയത്താണ് പ്രദേശത്തെ വിദ്യാഭ്യാസ തൽപരരായ ഏതാനും വ്യക്തികൾ ചേർന്ന് സ്ഥാപനം ഏറ്റെടുക്കുന്നതിനെയും ഭൗതിക അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെയും കുറിച്ച് ആലോചിക്കുന്നത്. ഇവരുടെ ശ്രമഫലമായി ഗ്രേസ് എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന സന്നദ്ധ സംഘം രൂപീകരിക്കുകയും നിലവിലെ മാനേജറിൽ നിന്ന് സ്കൂളും സ്ഥലവും ഏറ്റെടുക്കുകയും ചെയ്തു.
2015-16 അധ്യായന വർഷത്തോടുകൂടി അത്യാധുനിക സൗകര്യങ്ങളുള്ള ഇരുനില കെട്ടിടം നിർമ്മിക്കുകയും സ്കൂൾ വാഹനം, മൈക്ക്, ഫർണീച്ചർ, ഓഡിറ്റോറിയം , സ്മാർട്ട് ക്ലാസ് റൂം , ലൈബ്രറി , തുടങ്ങി ഒട്ടേറെ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തു. പി.ടി.എ.യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കുകയും ഇതിന്റെ അംഗീകാരത്തിനായി ഗവൺമെന്റിൽ അപേക്ഷ

കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രി-പ്രൈമറിയിലും 1 മുതൽ 4 വരെ ക്ലാസുകളിലായി 80 ൽ അധികം കുട്ടികൾ പഠനം നടത്തുന്നു.

# അവസ്ഥ വിശകലനം

1 മുതൽ 4 വരെയുള്ള ക്ലാസുകളിലായി 54 വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. ആധുനിക പഠനസൗകര്യങ്ങളും നൂതനമായ ഭൗതികസാഹചര്യങ്ങളും പഠനാന്തരീക്ഷവും ഒരുക്കിയിട്ടുണ്ട്. മികച്ച അക്കാദമിക പ്രവ ർത്തനങ്ങളും മികവാർന്ന പദ്ധതികളുമാണ് ഓരോ വർഷവും വിദ്യാലയം മുന്നോട്ട് ചെക്കുന്നത്.

ആധുനികസംവിധാനങ്ങളോട് കൂടിയ ഇരുനില കെട്ടിടത്തിലാണ് ഐ.പി.സി.എ.എം. എൽ.പി സ്കൂൾ പ്രവർത്തിച്ച് വരുന്നത് . ഗതാഗത സൗകരവും സ്കൂളിനായി സ്കൂൾ ബസ് സൗകര്യവും നിലവിലുണ്ട്. 100 വർഷം പൂർത്തിയാക്കുന്ന ഈ വിദ്യാലയത്തിന്റെ ചരിത്രത്തിൽ ഒട്ടേറെ പ്രമുഖരുടെ പേരുകളുണ്ട്.

കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ടോയ്‌ലറ്റ് സൗകര്യവും വിശാലമായ കെട്ടിടവും വൃത്തിയും ആധുനിക സൗകര്യവും ഒത്തുചേർന്നിട്ടുള്ള അടുക്കളയും ഉണ്ട്. കുട്ടികൾക്ക് ഐ.ടി പരിശീലനത്തിനാവശ്യത്തിനുള്ള
കമ്പ്യൂട്ടറും വിദ്യാലയത്തിന്റെ കമ്പ്യൂട്ടർ ലാബിലുണ്ട്. പോഷകസമൃദ്ധമായ ഭക്ഷണമാണ് കുട്ടികൾക്കായി നൽകി വിരുന്നത്. പി.ടി.എ യുടെ സഹായസഹകരണമാണ് ഈ വിദ്യാലയത്തിന്റെ ഓരോ വിജയത്തിനും പിന്നിൽ.

# വികസന ലക്ഷ്യങ്ങൾ

- വിദ്യാലയ പരിധിയിൽ വരുന്ന മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക
- ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താൻ കുട്ടികളെ സജ്ജരാക്കുക
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക
- പൂർണ്ണമായും ശിശു സൗഹൃദ വിദ്യാലയമാക്കി മാറ്റുക
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക
- പോഷകാഹാരം . വ്യായാമം, ശുചിത്വ ശീലങ്ങൾ, ധാർമ്മിക മൂല്യങ്ങൾ, സാമൂഹിക അച്ചടക്കം എന്നിവയുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുക
- സ്കൂളിനെ ഗ്രാമ സമൂഹത്തിന്റെ കേന്ദ്ര ബിന്ദുവാക്കി മാറ്റുക
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമായ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- ആവശ്യമായ കമ്പ്യൂട്ടർ പരിജ്ഞാനം ഉറപ്പു വരുത്തുക
- വിദ്യാലയം തന്നെ ഒരു പാഠപുസ്തകം എന്ന ആശയത്തെ വികസിപ്പിച്ചെടുത്ത് ജൈവി വൈവിധ്യ ഉദ്യാനം സ്കൂളിൽ നടപ്പാക്കുക
- കലാകായിക പ്രവർത്തി പരിചയ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുകയും വിജയം നേടാൻ പ്രേരിപ്പിക്കുകയും ചെയ്യുക
- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്കുതകുന്ന വിധം പ്രയോജനപ്പെടുത്തുക

## ലക്ഷ്യങ്ങൾ

1. വിദ്യാലയത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സമഗ്രവഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക .

2. പൊതുവിദ്യാഭ്യാസത്തിന്റെ മൂല്യഗുണങ്ങളെ കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുക.

3. വിദ്യാലയത്തിൽ ചുറ്റുപാടുമുള്ള മുഴുവൻ കുട്ടികളേയും വിദ്യാലയത്തിലേക്ക് എത്തിക്കുക.

4. ഓരോകുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തി ആവശ്യമായ പിന്തുണ നൽകുക.

5. ആധുനിക സങ്കേതിത വിദ്യ അക്കാദമിക പ്രവർത്തനങ്ങളിൽ പ്രാവർത്തികമാക്കുക .

6. വിദ്യാലയ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളി ത്തം ഉറപ്പുവരുത്തുക.

7. PTA, MPTA, SSG. എന്നിവ സജീവമാക്കുക

8. പ്രത്യേകപരിക്കണെന അർഹിക്കുന്ന കുട്ടികൾ, പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ ഭിന്നശേഷിയുള്ള കുട്ടികൾ എന്നിവർക്കായി പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് നടത്തുക

9. ശാസ്ത്ര-ഗണിതശാസ്ത്ര - പ്രവർത്തി പരിചയ മേളകളിലും കലാകായിക രംഗങ്ങളിലും മികച്ച നേട്ടങ്ങൾ കൈവരിക്കുക
10. ഇംഗ്ലീഷ് പഠനത്തിനായി പ്രത്യേക പ്രാധാന്യം നൽകുക
11. മത്സര പരീക്ഷകളിൽ ഉയർന്ന നേട്ടം കൈവരിക്കുക

# മലയാളം

| പ്രവർത്തനം : 1 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷയുടെ വാചികവും ലിഖിതവുമായ കഴിവ് നേടൽ | പ്രീ ടെസ്റ്റിലൂടെ നിലവിലെ നില കണ്ടെത്തി പരിഹാരബോധന പദ്ധതിയുടെ സഹായത്തോടെ നിശ്ചിത കഴിവ് ആർജ്ജിക്കൽ | | ക്ലാസ് അദ്ധ്യാപകൻ | |
| പ്രവർത്തനം : 2<br>പേര് : മലയാളം തിയേറ്റർ<br>ഉപമേഖല : മലയാള ഭാഷ | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| മലയാള ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയാഗിക്കൾ | പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്ത മായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസിൽ മുമ്പാകെ അവതരിപ്പിക്കൽ ചെറിയസ് കിറ്റ്, സംഭാഷണം, ലഘു നാടകം എന്നിവ | | | |
| പ്രവർത്തനം : 3<br>പേര് : കുഞ്ഞൻ റേഡിയോ<br>ഉപമേഖല : ഭാഷയുടെ പ്രകടനപരത | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരി ക്കു ന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും | ദിവസേന | എസ്.ആർ.ജി | 25000 ( സ്പോൺസർഷിപ്പ് ) |

| | | | | |
|---|---|---|---|---|
| | സ്പീക്കറുകളിലേക്ക്<br>ഒഴിവ് സമയത്ത്<br>റേഡിയോ<br>പ്രക്ഷേപണം,<br>കുട്ടികളുടെ വിവിധ<br>പരിപാടികളുടെ<br><br>അവതരണം,<br>ഔദ്യോദിക<br>അറിയിപ്പുകൾ<br>നൽകൽ. | | | |
| പ്രവർത്തനം : 4<br>ലൈബ്രറി ശാക്തീകരണം<br>മേഖല ഭാഷാശേഷികളുടെ വികസനം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തകം |
| | ഗ്രന്ഥശാലയിലേക്ക്<br>കൂടുതൽ പുസ്തകങ്ങൾ<br>ഭവന<br>സന്ദർശനത്തിലൂടെ<br>കണ്ടെത്തൽ<br>പുസ്തകങ്ങൾ<br>വർഗീകരിച്ച്<br>ക്രമീകരിക്കൽ,<br>കാറ്റലോഗ് വിതരണ<br>രജിസ്റ്റർ എന്നിവ<br>ശാസ്ത്രീയ മാക്കൽ | വർഷത്തിൽ<br>രണ്ടു തവണ | ഹെഡ്മാസ്റ്റർ ,<br>പി ടി എ ,<br>ലൈബ്രറി<br>ചുമതലയുള്ള<br>അദ്ധ്യാപകൻ | 2000 |
| പ്രവർത്തനം : 5<br>പാവനാടക ശിൽപശാല<br>ഉപമേഖല സർഗാത്മക വികസനം | | | | |
| ലക്ഷ്യം | പ്രവർത്തനം | | | |
| കലാവാസന<br>കളെ<br>പരിപോഷിപ്പ<br>ിക്കൾ | പാഠഭാഗങ്ങളെ പാവ<br>നാടകങ്ങളായി<br>അവതരിപ്പിക്കാനുള്ള<br>പരിശീലനവും<br>ആയതിന്റെ<br><br>അവതരണവും | വർഷത്തിൽ<br>ഒന്ന് | എസ്.ആർ.ജി | അയ്യായിരം<br>രൂപ |

പ്രവർത്തനം : 6
പിറന്നാൾ ദിന പുസ്തകം
ഉപമേഖല ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| സ്കൂളിനോടുള്ള സ്നേഹം വർദ്ധിപ്പിക്കൾ | കുട്ടികളുടെ ജന്മദിന സമ്മാനമായി സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന നൽകുന്നു | കുട്ടിയുടെ ജന്മദിനം | എസ്. ആർ. ജി , ക്ലാസ് ടീച്ചർ | |